⇨ സ്വാതന്ത്ര്യദിനം കരിദിനമായാണ് കൂടംകുളത്ത് ആചരിച്ചത് ⇨

# അവർ ഇത്രയേറെ അറിയേണ്ടിയിരുന്നില്ല

ആണവനിലയം വന്നാൽ ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ ഞങ്ങളുടെ ഗർഭപാത്രത്തിന് കഴിയുമോ എന്നതായിരുന്നു ഒരു പെൺകുട്ടിയുടെ സംശയം. ആ ചോദ്യം എന്നെ ഞെട്ടിച്ചു. ആണവനിലയത്തിന്റെ പ്രശ്നത്തെക്കുറിച്ച് അവർക്ക് ഇന്ന് നല്ല ബോധ്യമുണ്ട്. അവർ ഇത്രയേറെ അറിയേണ്ടിയിരുന്നില്ല എന്ന് എനിക്ക് ആ നിമിഷം അറിയാതെ തോന്നിപ്പോയി.

**എസ്. അനിത**

2013 ജനുവരി 8ന് തൃശൂർ സാഹിത്യ അക്കാദമിയിൽ വച്ച് നടന്ന 'നോ എക്കോസ് കൂടംകുളം' എന്ന പുസ്തകത്തിന്റെ വായന പരിപാടിയിൽ നടത്തിയ പ്രഭാഷണം.

**വളരെ** അടുത്തകാലത്ത്, 2011 മാർച്ച് 31ന് ആണ് ഞാൻ ആദ്യമായി കൂടംകുളത്ത് പോകുന്നത്. പുസ്തകം എഴുതണമെന്ന ലക്ഷ്യത്തോടെയായിരുന്നില്ല യാത്ര. ഊർജ്ജ സംരക്ഷണത്തിനായി ലോകമെമ്പാടും എർത്ത് അവർ ആചരിക്കുന്ന ദിവസം കൂടിയായിരുന്നു അത്. കൂടംകുളത്ത് നിന്നും മടങ്ങിവരുമ്പോൾ തിരുവനന്തപുരം ഗാന്ധിപാർക്കിൽ നടക്കുന്ന എർത്ത് അവർ ദിനാചരണ പരിപാടി കാണാൻ കഴിഞ്ഞു. എർത്ത് അവർ ദിനാചരണമെല്ലാം മുന്നോട്ട് വയ്ക്കുന്ന സന്ദേശം തന്നെയല്ലേ സ്വന്തം ജീവിതം ബലികൊടുക്കുന്ന സമരത്തിലൂടെ കൂടംകുളത്തെ ജനങ്ങൾ പറയാൻ ശ്രമിക്കുന്നതെന്ന് എനിക്ക് അന്ന് തോന്നി. വെറും ആണവവിരുദ്ധ സമരം മാത്രമല്ല കൂടംകുളം സമരം. അന്തസ്സോടെ ജീവിക്കുന്നതിനുള്ള അവകാശത്തിനായി നടത്തുന്ന സമരമാണത്. ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ ശുദ്ധജലം പോലും ലഭിക്കാത്ത സ്ഥലമാണ് ഇടിന്തകരൈ. 450 വീടുകളിലായി 2000ൽ അധികം ആളുകൾ താമസിക്കുന്ന കാസ കോളനിയിലുള്ളവർ ദിവസവും 20 രൂപ കൊടുത്താണ് വെള്ളം വാങ്ങുന്നത്. അങ്ങനെയുള്ള സ്ഥലത്താണ് ന്യൂക്ലിയർ പ്ലാന്റ് തണുപ്പിക്കുന്നതിനായി ആവശ്യംപോലെ വെള്ളമുപയോഗിക്കാൻ പോകുന്നത്. വികസനപ്രക്രിയയുടെ വൈരുദ്ധ്യമാണ് ഇതിലൂടെ പ്രകടമാകുന്നത്.

ബോധമില്ലാത്തവർ, വഴിതിരിച്ചുവിടപ്പെട്ടവർ, നിരക്ഷരർ എന്നെല്ലാമാണ് രാഷ്ട്രപതിയും പ്രധാനമന്ത്രിയും എ.പി.ജെ. അബ്ദുൾ കലാമുമെല്ലാം കൂടംകുളത്തുകാരെ വിശേഷിപ്പിച്ചത്. അവർ ആ ആക്ഷേപം അർഹിക്കുന്നില്ല. അതുകൊണ്ടുതന്നെ, വിലയിട്ടിട്ടില്ലാത്ത ഈ പുസ്തകത്തിനായി നിങ്ങൾ തരുന്ന സംഭാവനകളെല്ലാം നിരക്ഷരരെന്ന് അനർഹമായി വിശേഷിപ്പിക്കപ്പെടുന്ന കുടംകുളത്തെ കുട്ടികൾക്കായി ഒരു ലൈബ്രറി നിർമ്മിക്കുന്നതിന് വേണ്ടി ഉപയോഗിക്കുകയാണ്.

ആഗസ്റ്റ് 6ന് ഹിരോഷിമ ദിനത്തിലും ആഗസ്റ്റ് 15 സ്വാതന്ത്ര ദിനത്തിലുമാണ് ഞാൻ പിന്നീട് കൂടംകുളത്ത് പോകുന്നത്. സ്വാതന്ത്ര്യദിനം കരിദിനമായാണ് കൂടംകുളത്ത് ആചരിച്ചത്. വളരെ വ്യത്യസ്തമായ സമരരീതിയാണ് അന്നവിടെ അവലംബിക്കപ്പെട്ടത്. ദേശീയപതാകയ്ക്ക് പകരം കരിങ്കൊടികളാണ് അവി

ടെ ഉയർന്നത്. ആയിരക്കണക്കിന് സ്ത്രീകൾ ശവപ്പെട്ടികളുമായി മാർച്ച് ചെയ്ത് സമരപന്തലിലേക്ക് എത്തി. ശവപ്പെട്ടിക്കുള്ളിൽ ജനനായകത്തിന്റെ (ജനാധിപത്യം) ശവമാണ് പ്രതീകാത്മകമായി ഉണ്ടായിരുന്നത്. ശവപ്പെട്ടികൾ സമരപന്തലിൽ നിരത്തിവച്ച് സ്ത്രീകൾ ഉറക്കെ കരഞ്ഞുതുടങ്ങി. ആദ്യം കരയുന്നതായി നടിച്ച ആ കരച്ചിലുകൾ പിന്നീട് ശരിക്കുള്ള കരച്ചിലായി മാറി. ജനാധിപത്യം മരിച്ചു എന്ന് പറഞ്ഞ് ആ ഗ്രാമം മുഴുവൻ ശവപ്പെട്ടികൾക്ക് മുന്നിലിരുന്ന് നിലവിളിച്ചു. തുടർന്ന് മരണപ്പെട്ട ജനാധിപത്യത്തെ അവർ ദഹിപ്പിച്ചു.

കൂടംകുളത്ത് പതിവായി മുദ്രാവാക്യങ്ങൾ എഴുതാറുള്ള ഒരു സ്ത്രീയുണ്ട്, സേവിയറമ്മ. ഇന്ത്യയുടെ ജനാധിപത്യത്തെ ഞങ്ങൾ വീണ്ടെടുക്കും എന്നതാണ് അന്ന്

ഞങ്ങൾക്ക് എട്ട് മാസം സമയം തന്നാൽ,
നല്ല മത്സ്യബന്ധന സീസൺ കിട്ടുകയാണെങ്കിൽ
കൂടംകുളം നിലയത്തിനായി ചിലവാക്കിയ
മുഴുവൻ തുകയും സർക്കാറിന് തിരികെ
നൽകാമെന്ന് അവർ ഉറപ്പുപറയുന്നു

സേവിയറമ്മ എഴുതിയ മുദ്രാവാക്യം. ജനാധിപത്യം പുനസ്ഥാപിക്കുക എന്ന മുദ്രാവാക്യം തന്നെയാണ് കൂടംകുളത്ത് മുഖ്യമായും മുഴങ്ങുന്നത്.

ഈ പുസ്തകം എഴുതുന്നതിന് എനിക്ക് പ്രേരക ശക്തിയായി തീർന്ന് കുറച്ചുപേരുണ്ട്. എട്ട് വയസുള്ള ശ്യാമിലിയാണ് ഒരാൾ. ഞാൻ പരിചയപ്പെടുന്ന സമയത്ത് അവളുടെ അമ്മ സുന്ദരി രാജ്യദ്രോഹമുൾപ്പെടെയുള്ള കുറ്റങ്ങളിൽ അകപ്പെട്ട് മധുരയിലെ ജയിലിലാണ്. കൂടംകുളം ആണവനിലയത്തിൽ നിന്നുള്ള വികിരണമേൽക്കുന്ന കടലിലെ മത്സ്യങ്ങളെ നമ്മൾ പിടിച്ച് അന്യനാടുകളിലേക്ക് കയറ്റിയയച്ചാൽ അവിടെ ആ മത്സ്യം കഴിക്കുന്നവർക്കും രോഗങ്ങളുണ്ടാകില്ലേ എന്ന് ശ്യാമിലി എന്നോട് ചോദിച്ചു. സിയാറ്റിൻ മൂപ്പന്റെ ചോദ്യത്തിന് സമാനമായ ഉൾക്കാഴ്ചയുള്ള ശ്യാമിലിയുടെ ആ ചോദ്യം എന്റെ മനസ്സുലച്ചു. ചെല്ലമ്മ എന്ന സമരപ്രവർത്തക ഉയർത്തുന്ന ചോദ്യം ആണവനിലയം വന്നാൽ കടലമ്മയുമായുള്ള ഞങ്ങളുടെ പൊക്കിൾ കൊടി ബന്ധം നഷ്ടപ്പെടില്ലേ എന്നതാണ്. അതുപോലെ മെൽവെറ്റ് എന്ന സ്ത്രീ ഒരുദിവസം കടലിൽ പോകുന്നതുകണ്ട് ഞാൻ അവരോട് കാരണം തിരക്കി. സ്ത്രീകൾ സാധാരണ കടലിൽ പോകാറില്ല, ക്രിസ്തുമസ് ദിവസം ഒഴികെ. എന്നിട്ടും കൂടംകുളം നിലയത്തിൽ യുറേനിയം ഫ്യൂവൽ നിറയ്ക്കാൻ തുടങ്ങുന്നു എന്ന വാർത്ത വന്ന ദിവസം മെൽവെറ്റ് കടലിൽ പോയി. കൂടംകുളം നിലയം കാരണം ഞങ്ങളുടെ കടലമ്മ നശിക്കാൻ പോവുകയാണ്. ഞങ്ങൾക്ക് അത് തടയാൻ കഴിഞ്ഞില്ല. നാശത്തിലേക്ക് പോകുന്ന കടലമ്മയോട് അതിന് ക്ഷമ ചോദിക്കാനാണ് കടലിൽ പോകുന്നത് എന്നാണ് മെൽവെറ്റ് മറുപടിയായി എന്നോട് പറഞ്ഞത്. അതുപോലെ വളരെ പ്രായമുള്ള ചിന്നതങ്ക എന്ന സ്ത്രീ കൂടംകുളത്തെ നിരാഹാര സമരത്തിൽ പങ്കുചേർന്നത് കണ്ട് ഞാൻ അവരോട് സംസാരിച്ചു. അവരുടെ ഭർത്താവിനെ അടക്കിയ സ്ഥലം വരെ ചെറിയ വില നൽകിയ ആണവനിലയം ഏറ്റെടുത്തു. കൂടംകുളം നിലയം നാളെ വന്നാൽ പോലും, ആണവനിലയം വരാതിരിക്കാൻ നിങ്ങൾ എന്തുചെയ്തു എന്ന് അടുത്ത തലമുറ ചോദിച്ചാൽ ഈ സമരത്തെക്കുറിച്ച് പറയാൻ കഴിയണം എന്നതുകൊണ്ടാണ് ചിന്നതങ്ക സമരത്തിൽ പങ്കെടുക്കാനെത്തിയത്.

ഈ പുസ്തകം യാഥാർത്ഥ്യമായതിന് പിന്നിൽ മറ്റുചില കാരണങ്ങൾ കൂടിയുണ്ട്. കൂടംകുളം ആണവനിലയത്തിന്റെ പ്രശ്നങ്ങളെക്കുറിച്ച് വി.ടി. പത്മനാഭൻ തയ്യാറാക്കിയ ചില ശാസ്ത്രീയ പഠനങ്ങൾ ഇതിനകം പുറത്തുവന്നിരുന്നു. ആ ശാസ്ത്രീയ വസ്തുതകൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കുന്നതിനായി കുറച്ചുകൂടി പ്രാപ്യമായ ഭാഷയിലേക്ക് മാറ്റാൻ കഴിയുമോ എന്ന് വി.ടി. പത്മനാഭൻ അടക്കമുള്ള സുഹൃത്തുക്കൾ എന്നോട് ആവശ്യപ്പെട്ടു. അതിനുള്ള ശ്രമം ഞാൻ തുടങ്ങിയെങ്കിലും അത് എനിക്ക് നന്നായി വഴങ്ങിയില്ല. അപ്പോഴാണ് കൂടംകുളത്തുകാരുടെ തന്നെ ഭാഷയിൽ ആണവനിലയത്തിനെതിരെയുള്ള സമരത്തെക്കുറിച്ച് എഴുതാം എന്ന ചിന്ത എന്റെ മനസ്സിലേക്ക് കടന്നുവന്നത്. പുസ്തകത്തിന്റെ പ്രവർത്തനങ്ങൾ തുടങ്ങുന്നത് അങ്ങനെയാണ്. കൂടംകുളത്ത് അവരോടൊപ്പം താമസിച്ച് എഴുതിയെടുത്ത ഈ കുറിപ്പുകളിൽ ചിലത് കൗണ്ടർകറന്റ്സ്, ഡയന്യൂക് തുടങ്ങിയ വെബ്സൈറ്റുകളിൽ അന്ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. സമരത്തിനോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പല നാടുകളിൽ നിന്നും പലരും ആ കുറിപ്പുകൾക്ക് മ

⇨ പല കുട്ടികളുടെയും അന്നനാളം വരെ പൊള്ളലേറ്റ്, ഭക്ഷണം കഴിക്കാൻ പറ്റാതെയായി ⇨



റുപടി എഴുതി.

കൂടംകുളം നിലയം ഉപേക്ഷിച്ചാൽ ഇത്രയും കാലം ചിലവാക്കിയ പണം നഷ്ടമാകില്ലേ എന്നതാണ് ചിലർ പറയുന്ന വാദം. അതിനുള്ള മറുപടിയും കൂടംകുളത്തുകാർക്ക് പറയാനുണ്ട്. ഞങ്ങൾക്ക് എട്ട് മാസം സമയം തന്നാൽ, നല്ല മത്സ്യബന്ധന സീസൺ കിട്ടുകയാണെങ്കിൽ കൂടംകുളം നിലയത്തിനായി ചിലവാക്കിയ മുഴുവൻ തുകയും സർക്കാറിന് തിരികെ നൽകാമെന്ന് അവർ ഉറപ്പു പറയുന്നു. തങ്ങളുടെ ലാഭം മാറ്റിവച്ച് തമിഴ്നാടിന്റെ തീരദേശം മുഴുവൻ ഇതിനോട് സഹകരിക്കുമെന്നും അവർക്ക് ഉറപ്പുണ്ട്.

സമരത്തിന് നേരെ സെപ്തംബർ 9ന് നടന്ന പോലീസ് അതിക്രമത്തിന് ശേഷം കൂടംകുളത്ത് കണ്ട കാഴ്ചകളാണ് എന്നെ ശരിക്കും വേദനിപ്പിച്ചത്. അതിൽ പലതും അവരുടെ തന്നെ ആഖ്യാനങ്ങളായി ഞാൻ ഈ പുസ്തകത്തിൽ ഉൾച്ചേർത്തിട്ടുണ്ട്. അന്ന് സമരത്തിൽ പങ്കെടുത്തവർക്ക് നേരെ പ്രയോഗിച്ച ടിയർഗ്യാസ് ഷെല്ലുകളിൽ പലതും 2001 ൽ നിർമ്മിച്ച, കാലാവധി കഴിഞ്ഞവയായിരുന്നു. ആ ടിയർഗ്യാസ് ഷെല്ലുകൾ പൊട്ടി പലർക്കും ഗുരുതരമായി പരിക്കേറ്റു. പല കുട്ടികളുടെയും അന്നനാളം വരെ പൊള്ളലേറ്റ്, ഭക്ഷണം കഴിക്കാൻ പറ്റാതെയായി. ആ നരവേട്ടയ്ക്കിടയിൽ പല കുട്ടികളും രക്ഷിതാക്കളിൽ നിന്നും ഒറ്റപ്പെട്ടു. അന്നുരാത്രിയിൽ ഞാനും അവരോടൊപ്പം സമരപന്തലിലുണ്ടായിരുന്നു. പോലീസ് ആക്രമണം ഭയന്ന് നൂറ് പേർക്ക് കിടക്കാൻ കഴിയുന്ന സ്ഥലത്ത് ആയിരം പേരാണ് അന്ന് അവിടെ കഴിഞ്ഞുകൂടിയത്. സ്ത്രീകളും കുട്ടികളുമാണ് ഏറെയും. രാത്രിയിൽ ഉറങ്ങാൻ കഴിയാതെ പന്തലിൽ ഇരിക്കുമ്പോൾ ഇടയ്ക്കിടെ പല ഭാഗത്ത് നിന്നും പേടിസ്വപ്നം കേട്ട് ഞെട്ടിയുണരുന്ന കുട്ടികളുടെ ശബ്ദം എന്നെ വല്ലാതെ അസ്വസ്ഥപ്പെടുത്തി. ഭയം കുട്ടികളെ ആകെ ഉലച്ചിരുന്നു.

കുട്ടികളുടെ പേടിമാറ്റാൻ നിംഹാൻസിൽ നിന്നുള്ള കൗൺസിലർമാർ വരുന്നുണ്ടെന്ന് അടുത്ത ദിവസങ്ങളിൽ കേട്ടു. പക്ഷെ കൗൺസിലിംഗ് കൊണ്ട് മാത്രം ഭയം മാറുമോ എന്ന് അവരുടെ അമ്മമാർക്ക് ആശങ്കയുണ്ടായിരുന്നു.

കുട്ടികൾ ഇപ്പോഴും ഭീതിയിലാണ്. പുതുവർഷത്തിൽ ഒരു പരിപാടിയിൽ പങ്കെടുക്കാൻ കൂടംകുളത്ത് എത്തിയപ്പോൾ ഹാപ്പി ന്യൂ ഇയർ എന്ന് പറയാൻ ഞങ്ങൾക്ക് കഴിയുന്നില്ല എന്നാണ് കുട്ടികൾ പറഞ്ഞത്. ഞാൻ അവരോട് സംസാരിച്ചു. കൂടംകുളം ആണവനിലയം ഈ വർഷം ഉറപ്പായും യാഥാർത്ഥ്യമാകുമെന്ന് സർക്കാർ പറയുമ്പോൾ ഞങ്ങൾക്ക് ഇതെങ്ങനെ ഹാപ്പി ന്യൂ ഇയർ ആകുമെന്നാണ് അവരുടെ സംശയം. ആണവനിലയം വന്നാൽ ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകാൻ ഞങ്ങളുടെ ഗർഭപാത്രത്തിന് കഴിയുമോ എന്നതായിരുന്നു ഒരു പെൺകുട്ടിയുടെ സംശയം. ആ ചോദ്യം എന്നെ ഞെട്ടിച്ചു. ആണവനിലയത്തിന്റെ പ്രശ്നത്തെക്കുറിച്ചെല്ലാം അവർക്ക് ഇന്ന് നല്ല ബോധ്യമുണ്ട്. അവർ ഇത്രയേറെ അറിയേണ്ടിയിരുന്നില്ല എന്ന് എനിക്ക് ആ നിമിഷം അറിയാതെ തോന്നിപ്പോയി. ചില സമയത്തെങ്കിലും അറിവില്ലായ്മ ഉപകാരമാകില്ലേ എന്ന് തോന്നി. കൂടുതൽ അറിയും തോറും അവർ ശക്തരാകുന്നുണ്ട്. പക്ഷെ ആ അറിവുമായി എങ്ങനെ അവർക്ക് അവിടെ സന്തുഷ്ടരായി കഴിയാൻ കഴിയും? ■